752/2019 C- 4
30.03.2019

## സർക്കുലർ

### 22-ാം പാലയൂർ മഹാതീർത്ഥാടനം 2019

മിശിഹായിൽ പ്രിയ വൈദികരെ സഹോദരീ സഹോദരന്മാരെ,

മാർ തോമ്മാശ്ലീഹായുടെ പാദസ്പർശമേറ്റ പാലയൂരിന്റെ പുണ്യഭൂമിയിലേക്കുള്ള 22-ാം പാലയൂർ മഹാതീർത്ഥാടനം ഏപ്രിൽ 7 ഞായറാഴ്ചയാണെന്ന കാര്യം നിങ്ങൾക്കേവർക്കും അറിയാവുന്നതാണല്ലോ. കാലാവസ്ഥാവ്യതിയാനം കൊണ്ട് അസഹനീയമായ ചൂടുള്ളതിനാൽ രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ പദയാത്ര നടത്തരുതെന്ന സിവിൽ അധികാരികളുടെ നിർദ്ദേശം മൂലം പദയാത്രയുടെ സമയക്രമം മാറ്റുവാൻ നിർബന്ധിതമായിരിക്കുന്നു. പുതുക്കിയ സമയക്രമമനുസരിച്ച് മുഖ്യപദയാത്ര രാവിലെ 4:15ന് ലൂർദ്ദ്പള്ളിയിലെ വി. കുർബാനക്കുശേഷം 5 മണിക്ക് പുറപ്പെട്ട് 8 മണിക്ക് പറപ്പൂർ പള്ളിയിലെ പ്രഭാതഭക്ഷണവും 9:45ന് പാവറട്ടിയിലെ ഭക്ഷണവും കഴിഞ്ഞ് 10:45ന് പാലയൂരിൽ എത്തുന്നു. തുടർന്ന് വി. കുർബാന. രാവിലെ പദയാത്രയ്ക്ക് എത്തിച്ചേരാൻ കഴിയാത്തവർക്കായി അന്നേദിവസം ഉച്ചകഴിഞ്ഞ് പാവറട്ടി മുതൽ പാലയൂർ വരെ പദയാത്ര സംഘടിപ്പിച്ചിരിക്കുന്നു. ഉച്ചകഴിഞ്ഞ് 3 മണിക്ക് പാവറട്ടിയിലെ വി. കുർബാനക്കു ശേഷം ആരംഭിക്കുന്ന പദയാത്ര 4:45ന് പാലയൂരിൽ എത്തുന്നതും 5 മണിക്ക് പൊതുസമ്മേളനം നടക്കുന്നതുമായിരിക്കും. ജസ്റ്റിസ് കുരിയൻ ജോസഫ് സന്ദേശം നൽകുന്നു. സാധിക്കുന്നത്ര ആളുകളെ വാഹനങ്ങളിൽ പാവറട്ടിയിൽ 3:30ന് തന്നെ എത്തിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രമിക്കുമല്ലോ. മറ്റു മേഖലകളിൽ നിന്നുള്ള പദയാത്രകൾ രാവിലെ 10:45ന് പാലയൂരിൽ എത്തിച്ചേരേണ്ടതാണ്.

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2019 മാർച്ച് 31ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.
+AT